എന്തെങ്കിലും പറയുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നില്ല. ജീപ്പ് ആ സ്ഥലത്ത് ചെന്നതിനെ സംബന്ധിച്ച് ഡി.എഫ്.ഒ. കേസെടുത്തിട്ടുണ്ട്. തഹസീൽദാർ അവിടെ ഉണ്ടായതായി റിപ്പോർട്ടില്ല. കേസന്വേഷണം നടക്കുകയാണ്. ഞാൻ കൂടി ഈ അന്വേഷണത്തോടൊപ്പം കൂടുതലായി അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(4) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം കിട്ടാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. സി. ജോസഫ്: ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരം ലഭിക്കാത്തതുമൂലം വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകാൻ പോകുകയാണ്. ഈ യൂണിവേഴ്സിറ്റി ആരംഭിച്ചിട്ട് രണ്ടുവർഷം പൂർത്തിയായി എങ്കിലും ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. യു.ജി.സി. യുടെ അംഗീകാരം ലഭിച്ചിരുന്നുവെങ്കിൽ യൂണിവേഴ്സിറ്റിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയും അതുപോലെ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനുവേണ്ടിയും, ലാബറട്ടറി, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾക്കുവേണ്ടിയും കോടിക്കണക്കിനു രൂപ ഗ്രാന്റ് ലഭിക്കുമായിരുന്നു. ഇതുവരേയും ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ഗണ്യമായ സാമ്പത്തിക നഷ്ടവും അതുമൂലം യൂണിവേഴ്സിറ്റിയുടെ ഭാവിയും അപകടത്തിലാകാൻ പോകുകയാണ്. കേരളം കൂടുതൽ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന അവസരത്തിൽ യു.ജി.സി.യുടെ സഹായം ഇല്ലാതെ യൂണിവേഴ്സിറ്റിക്ക് പ്രവർത്തിക്കുവാൻ സാധിക്കുകയില്ല, ഈ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചില്ലെങ്കിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകും. കേരളയൂണിവേഴ്സിറ്റിയുടെ അധീനതയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉള്ളതുമായ കോളേജുകൾക്ക് ആറാം പദ്ധതി മുതൽ യു.ജി.സി. യുടെ സഹായം ലഭിച്ചിരുന്നു.. കഴിഞ്ഞവർഷം വരെ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ, ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പരിധിയിൽ ഇപ്പോൾ ആയതുകൊണ്ട് ഈ കോളേജുകൾക്ക് ലഭിക്കാതിരിക്കുവാൻ പോകുകയാണ്. അതുകൊണ്ട് ഗൗരവമായി ഈ കാര്യം പരിഗണിച്ച് യു.ജി.സി. യുടെ അംഗീകാരം ഈ യൂണിവേഴ്സിറ്റിക്ക് ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകണം. അല്ലാത്തപക്ഷം ഗാന്ധിജി യൂണിവേഴ്സിറ്റിക്കും അതിന്റെ അതിർത്തിയിൽ ഉള്ള കോളേജുകൾക്കും വികസനത്തെ സംബന്ധിച്ചിടത്തോളം പ്രയാസം ഉണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ച് ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യുടെ അംഗീകാരം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം നൽകുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ അതിന്റെ ബന്ധപ്പെട്ട അധികാരികളുമായി പല സന്ദർഭങ്ങളിലും ഞാൻ നടത്തുകയുണ്ടായി. അടുത്തകാലത്തായി ഇൻഡ്യയുടെ പലഭാഗത്തുമായി ആരംഭിച്ചിട്ടുള്ള യൂണിവേഴ്സിറ്റികൾക്ക് എല്ലാംതന്നെ ചില പൊതുവായ നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഞാൻ ഈ സഭയിൽത്തന്നെ പറയുകയും, ഗാന്ധിജി യൂണിവേഴ്സിറ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ ഇവിടെ ചർച്ചചെയ്തപ്പോഴും ചർച്ച ചെയ്യപ്പെടുകയും ചെയ്തതാണ്. അതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്, അവർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളും നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾക്കൊള്ളിച്ചെങ്കിൽ മാത്രമേ അവർക്ക് ആ കാര്യത്തിൽ അനന്തര നടപടികളും സ്വീകരിക്കുവാൻ കഴിയൂ എന്നാണ്. പുതുതായി ആരംഭിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് ഇപ്പോൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളും ബാധകമാക്കുകയും കാലക്രമത്തിൽ ഇപ്പോൾ നിലവിലുള്ള യൂണിവേഴ്സിറ്റി നിയമത്തിൽ ആ ഭേദഗതി വരുത്തുകയും ചെയ്യണമെന്നാണ് യു.ജി.സി. യുടെ നിർദ്ദേശം. ഈ സഭയിൽ ചർച്ചചെയ്യപ്പെട്ടപ്പോൾ ഉയർന്നുവന്ന അഭിപ്രായങ്ങളും ഞാൻ യു.ജി.സി. ചെയർമാനേയും കേന്ദ്ര വിദ്യാഭ്യാസ വകുപ്പു മന്ത്രിയേയും അറിയിക്കുകയുണ്ടായി. ഈ സെപ്റ്റംബറിൽ തന്നെ കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി യു.ജി.സി. ചെയർമാനുമായി ചർച്ച നടത്താമെന്നും ആ സന്ദർഭത്തിൽ സംസ്ഥാന ഗവൺമെന്റിനെക്കൂടി അറിയിക്കാം എന്നും എന്നെ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിൽ ഈ കാര്യത്തിനുവേണ്ടി മാത്രമായി ചർച്ചനടത്തുന്നുണ്ട്. യു.ജി.സി.യുടെ അംഗീകാരം കിട്ടിയിട്ടില്ലെന്നുള്ള കാരണത്താൽ അവിടത്തെ ഡിഗ്രിയ്ക്കോ മറ്റുള്ള കാര്യങ്ങൾക്കോ യാതൊരു കുഴപ്പവും ഇല്ല. ഇവിടെ ശ്രീ. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ നമുക്കു കിട്ടുന്ന ഗ്രാന്റ്സിനെ സംബന്ധിച്ച് ചില ബുദ്ധിമുട്ടുകളുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കഴിയുന്നിടത്തോളം യു.ജി.സി. യുടെ ഗ്രാന്റ് ലഭ്യമാക്കാനുമുള്ള ശ്രമം നടത്തിവരികയാണ്. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾക്ക് യു.ജി.സി. യുടെ ഗ്രാന്റ് കിട്ടുന്നുണ്ട്. അതുകൊണ്ട് കോളേജുകളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. യൂണിവേഴ്സിറ്റിക്ക് കിട്ടാനുള്ള കുറച്ചു ഗ്രാന്റ് ലഭ്യമാകാതെ വരുന്നത് എങ്ങനെയെങ്കിലും ലഭ്യമാക്കാനുള്ള ശ്രമം നടത്തിവരികയാണ്. ഡൽഹിയിൽ നടക്കുന്ന ചർച്ചയിൽവച്ച് ഇതിന് ഒരു അന്തിമരൂപം കൊടുക്കാനും കഴിയുന്നതും വേഗം ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് അംഗീകാരം കിട്ടുകയും ചെയ്യും എന്നാണ് എന്റെ പ്രതീക്ഷ.

IV. നിയമനിർമ്മാണ കാര്യം

1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ഭേദഗതി ബിൽ

Minister for Industries (**Shri E. Ahammed**): Sir, I move that the Kerala Cashew Factories (Requisitioning) Amendment Bill, 1985 be referred to Subject Committee IV—Industry and Minerals.

Deputy Chief Minister (**Shri K. Avukaderkutty Naha**): Sir, I second it.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഇത് വളരെ ചെറിയ ഒരു ഭേദഗതി നിയമമാണ്. 1979-ൽ നിയമസഭ പാസ്സാക്കിയ കേരളാ കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ആക്ടിലെ മൂന്നാം വകുപ്പിനു ള്ള ഒരു ഭേദഗതിമാത്രമാണ് ഇത്. 1970-കളിൽ കശുവണ്ടി

LIBRARY ARCHIVES Kerala Legislative Assembly